# GHSS KUNHOME

2018-19

# ഡിജിറ്റോല



# ഡിജിറ്റോല -2018-19

# ജി എച്ച് എസ് എസ് കുഞ്ഞോം

എഡിറ്റർ : ജിജി

സ്റ്റുഡന്റ് എഡിറ്റർ : അനസ് .എ പി

വിവേക്

ഗോഡ്സൻ

# ആമുഖം

2018-19 വർഷത്തിലെ ഇരുപത്തി മൂന്ന് കുട്ടികളടങ്ങിയ കുട്ടിക്കൂട്ടത്തിന്റെ ഫലമായി മരംഒരു വരംഎന്ന ലക്ഷ്യത്തിലേക്ക് ഞങ്ങളും

ഒപ്പംഹൈടെക് യുഗത്തിലേക്ക് ഞങ്ങളുടെ കൈയൊപ്പ്.........

പേപ്പർ ഉപയോഗം ഇല്ലാതെ ഒരു മാഗസിൻ - ഡിജിറ്റോല

ഇതിനു വേണ്ടി സഹകരിച്ച എല്ലാവർക്കും കുട്ടിക്കൂട്ടത്തിന്റെ നന്ദി......

# INDEX


- കൈരളീവന്ദനം
- കഞ്ഞി
- ഓർമ്മകളിലൂടെ
- നിശ്ശബ്ദത
- അകലെ രണ്ട് കൈകൾ
- സ്വർണ്ണ സ്പർശം
- വണ്ടിന്റെ വെല്ലുവിളി
- മലാല
- My Computer

# 1.കൈരളീവന്ദനം

വന്ദനം തായേ..ധന്യേ
ധന്യേ..കാവ്യകലയാം നിലാവിന്റെ-
ശരറാന്തൽ മിഴിയിൽ കൊളുത്തിയ
കൈരളീ തായേ..വന്ദനം

സാഗരോർമ്മികൾ ഞൊറിഞ്ഞ തറ്റുടുത്ത
രൂപവതീ..
സ്വർണ്ണകേദാരങ്ങളാമരപ്പട്ടയിട്ട ലാസ്യവതീ..
ഹരിതപിഞ്ജരമകുടമണിഞ്ഞ
സഹ്യസഖീ..ഹേമവതീ..
കൈരളീ മാതേ...വന്ദനം

വന്ദനം തായേ...ധന്യേ
ധന്യേ.കാവ്യനിലാവിന്റെ-
ശരറാന്തൽ മിഴിയിൽ കൊളുത്തിയ തായേ
വന്ദനം...കൈരളീ...വന്ദനം...

ബിനീഷ്.ടി.പി,

# 2.കഞ്ഞി

തറവാടിത്തത്തിന്റെ
"കഞ്ഞി"പ്പേര് പടിയിറങ്ങി.. !

അപരാധം തിരിച്ചറിയാത്ത അരി,  വേവ് കൂടിയപ്പോൾ പാചകക്കാരി അറിയാതെ പിറുപിറുത്തു...

" ദൈവമെ.... "കഞ്ഞി " പോലായല്ലോ...?"

സഹായി അവരുടെ വായ പൊത്തിപ്പിടിച്ചു..!

"കഞ്ഞി" കുടിച്ച് മാഷായ ഞാൻ എന്റെ നിഘണ്ടുവിൽ മാറ്റം വരുത്തി..

"കഞ്ഞി"ക്ക് പകരം ഉച്ച ഭക്ഷണം... "

വിശന്ന് വീട്ടിലെത്തിയ എന്നെ നോക്കി ഭാര്യ ചോദിച്ചു;...

" ഇങ്ങെക്കെന്താ ഇന്നൊരു "കഞ്ഞി"
കുടിക്കാത്ത കളി.. ??!!"

സാമൂഹിക ബോധമില്ലാത്ത അവളോട്
ഞാനൊന്നും പറഞ്ഞില്ല..!

--- ജാഫർ മണിമല

# 3.ഓർമ്മകളിലൂടെ







കുഞ്ഞോം ഗവ:ഹയർസെക്കണ്ടറി സ്കൂൾ
പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്
കൊച്ചിൻ



# 4. പ്രളയ കാലത്തും വിവാദം കൗതുകമായവർ

ഒരു പാട് പാഠങ്ങൾ പകർന്നു കൊണ്ടാണ് മഹാ പ്രളയം നമ്മുടെ ഉമ്മറപ്പടിയിൽ നിന്നും പിന്മാറിയത്. സങ്കടത്തിലാഴ്ത്തുന്ന ഏറെ കാഴ്ചകൾ അതു സമ്മാനിച്ചു. നാം ഒറ്റക്കെട്ടായി പരസ്പരം പോരടിച്ചവർ സ്നേഹത്തോടെ കേരള ജനതയെ മാറോടണച്ചു. ഒരു കാര്യം തീർച്ചയാണ്. ഈ സംഭവ വികാസങ്ങൾ പുതുതലമുറയെ സ്വാധീനിക്കും. ഇന്നലകളിൽ പരസ്പരം കൊലവിളിക്കാൻ പ്രചോദനം നൽകിയവർ ഉണ്ടായിരുന്നു. അതിനെയെല്ലാം തേച്ച് മാച്ച് കളയാൻ നൂറ്റാണ്ടിന്റെ പ്രളയം തന്നെ വേണ്ടിവന്നു. അനേകം ദുരിതാശ്വാസ ക്യാമ്പുകൾ സംസ്ഥാനത്ത് തുറക്കപ്പെട്ടു. ഓരോന്നിലും നിരവധിപേർ അഭയം തേടി.

ഇവർക്ക് വേണ്ടി സംസ്ഥാനത്തിന്റെ നാനാദിക്കുകളിൽ നിന്ന് സ്നേഹപ്പൊതിച്ചോറും വസ്ത്രവും വഹിച്ച വാഹനങ്ങൾ പ്രവഹിച്ചു. മാനുഷിക മൂല്യങ്ങൾ വലുതാണെന്ന് സ്വയം അറിയാനും മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തി കൊടുക്കാനും ഒരു പ്രളയത്തിനായി നീണ്ട കാത്തിരിപ്പ് പോലെ. ഇനിയും നമ്മൾ ഉണർന്നില്ലെങ്കിൽ കേരളമെന്ന സുന്ദര ദേശത്തെക്കുറിച്ച് ഓർമ്മകൾ മാത്രം അവശേഷിക്കാനാണ് സാധ്യത.

# 5.നിശ്ബ്ദത

നിശ്ബദതയെ ഭയപ്പെടാൻ തുടങ്ങിയത് എന്നാണ്..ഒന്നാം ക്ളാസിലെ മാഷ് മേശയില് ചൂരൻ കൊണ്ട്  അടിച്ചപ്പോഴോ ....പിന്നെ മരണവീടുകളിൻ അമ്മയുടെ കൂടെ പോയപ്പോഴോ.......പരീക്ഷഹാളിലെ ബോക്സിന്റെ മൂടി അടക്കുകയും തുറക്കുകയും ചെയ്യുന്ന ശബ്ദംമുഴങ്ങിയപ്പോഴോ.......

പിന്നെ ഉറക്കെ സംസാരിക്കാൻ
തുടങ്ങി.....എന്താ മെല്ലെ സംസാരിച്ചു
കൂടെ....മെല്ലെ ചിരിച്ചു കൂടെ .....വീണ്ടും
അനിവാര്യമായതിനെ സ്വീകരിച്ച്
ഒച്ചിനെപോലെ ചുരുണ്ട് കൂടി.........

# 6.അകലെ  രണ്ട് കൈകൾ

മൂന്ന നിരത്തുകൾ ചേരുന്ന കവലയാണ് എന്റെ

വീടിന്ന മുൻവശത്ത്.വൈകുന്നേരം

നടക്കാനിറങ്ങു

മ്പോൾ എന്നും ഒരു പെട്ടികടക്കാരൻ

കാഴ്ചയില്ലാത്ത ആളെ പിടിച്ച് കടത്തി . ചില്ലറ

കണക്കു ക്കൂ

ട്ടാൻ അറിയാമെങ്കിലും എഴുത്തും വായനയും

അറി

യില്ല. അറിവും പരിചയവും ഇല്ലാത്ത

ഒരാൾക്കുവേണ്ടി എന്തിനാണ് ദിവസേന

ഇത്രയും കഷ്ടപ്പെടുന്നതെന്ന് ഞാൻ ചോദിച്ചു.

അതു ഞാനായിരുന്നുവെങ്കിൽ ആലോചിച്ചു

പോവുന്നത് കൊണ്ടാണ്.

# 7.സ്വർണ്ണ സ്പർശം

ഒരിടത്ത് മിഡാസ് എന്ന പേരായ ശക്തനായ ഒരു രാജാവുണ്ടായിരുന്നു.അദ്ദേഹത്തിന്റെ ശക്തിയേക്കാൾ ഉപരിഅത്യാഗ്രഹത്തിനായിരുന്നുമുൻതൂക്കം .ചുറ്റിനുമുള്ള രാജ്യങ്ങളെല്ലാം കൊള്ളയടിച്ച് അയാൾ സമ്പന്നനായി

ത്തീർന്നു.

ഒരിക്കൽ പ്രാർത്ഥനനിരതനായ രാജാവിന്റെ മുൻപിൽ ഒരു ദേവത പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു, "അല്ലയോ രാജാവെ,നിന്റെ പ്രാർത്ഥനയിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. നിനക്ക് ആവശ്യമുള്ള എന്ത് വരവും ചോദിക്കാം".

അത്യാഗ്രഹിയായ മിഡാസ്

എളിമയോടെ പറഞ്ഞു. "നമസ്കാരം ദേവി,തൊടുന്നതെല്ലാം പൊന്നാ

കുവാൻ നീ എന്നെ അനുഗ്രഹിക്കണം..."ദേവി പുഞ്ചിരിയോടെ പറഞ്ഞു. "ഇന്ന് മുതൽ നീ തൊടുന്നതെല്ലാം പൊന്നായി മാറുന്നതാണ്."

മിഡാസ് അതീവ സന്തുഷ്ടനായി. വരത്തിന്റെ ശക്തി പരീക്ഷിക്കുവാൻ മിഡാസ് തീരുമാനിച്ചു. ഒരു തൂണിൽ തൊട്ടുനോക്കി. ക്ഷണനേരം കൊണ്ട് കൊട്ടാരമാകെ സ്വർണ്ണമായിത്തീർന്നു. അന്നു മുതൽ അയാൾ തൊടുന്നതെല്ലാം പൊന്നായി മാറുവാൻ തുടങ്ങി. തുടക്കത്തിൽ തോന്നിയ സന്തോഷം അധിക

നാൾ നീണ്ടുനാന്നില്ല.

ആഹാര സാധനങ്ങൾ, വെള്ളം,

പഴങ്ങൾ തൊടുന്നതെല്ലാം പൊന്നാകുവാൻ തുടങ്ങിയപ്പോൾ മിഡാസിന് ആധിയായി. ആരേയും ഒന്നിനേയും തൊടുവാൻ പറ്റാത്ത അവസ്ഥ. അരമമകൾ ഒരിക്കൽ സ്നേഹത്തോടെ ഓടിവന്ന് പിതാവിനെ ആലിംഗനം ചെയ്തു. അവളും സ്വർണ്ണമായിപ്പോയി. തന്റെ അത്യാഗ്രഹത്തിന്റെ ഫലം മനസ്സിലാക്കിയ മിഡാസ് മുട്ടുകുത്തി നിന്ന് പശ്ചാതപത്തോടെ കണ്ണീരൊഴുക്കുവാൻ തുടങ്ങി. ദേവത പ്രത്യക്ഷപ്പെട്ടുകൊണ്ട് ചോദിച്ചു. "നീ ആഗ്രഹിച്ചപ്പോലെ എല്ലാം സ്വർണ്ണമായിക്കിട്ടിയില്ലേ? ഇനിയും നിനക്ക് സന്തോഷമായില്ലേ?"

മിഡാസ് കരഞ്ഞുപ്പറഞ്ഞു. "എന്നെ

ഇനിയും കളിയാക്കരുതേ, ഈശക്തി എനിക്കുവേണ്ട. എന്റെ ക്രൂരതയും അത്യാഗ്രഹവും എന്നിൽ നിന്ന് പോയിരിക്കുന്നു. എന്നെ ഒരു സാധാരണ രാജാവാക്കി ത്തരണം.”

ദേവത വരം പിൻവലിച്ചു. പിന്നീടുള്ളക്കാലം മിഡാസ് പ്രജകളെ സേവിച്ച് സന്തോഷമായിക്കൊണ്ടു പോന്നു.

# 8.വണ്ടിന്റെ വെല്ലുവിളി

ഒരിടത്ത് ഒരു മരത്തണലിൽ ചാണകക്കുമ്പാരത്തിനുള്ളിൽ ജീവിച്ചിരുന്ന ഒരു വണ്ട് ഉണ്ടായിരുന്നു. ചാണകപ്പുഴുക്കളായിരുന്നു അതിന്റെ ഭക്ഷണം. ഒരിക്കൽ ഒരു ആന ആവഴി കടന്നുപോകുവാൻ ഇടയായി. ആനയ്ക്ക് നല്ല വിഷപ്പുണ്ടായിരുന്നു.

ആ മരത്തിൽ നിന്നും ഏതാനും കമ്പുകൾ അടർത്തി എടുക്കുവാൻ തുടങ്ങി. അസഹ്യത പൂണ്ട വണ്ട് ആളുവാൻ തുടങ്ങി. ശക്തനായ ആന ഇത് ശ്രദ്ധിച്ചില്ല എന്നാൽ ചാണകത്തിന്റെ ദുർഗന്ധം അതിന് സഹിക്കുവാനായില്ല.

സ്ഥലം വിട്ടുപോവാനൊരുങ്ങിയ ആനയുടെ അരികിൽ വണ്ട് പറന്നെത്തി ചോദിച്ചു. "ഹേ.... ആനേ, നിനക്ക് എന്റെ മൂളൽ കേട്ടിട്ട് പേടി തോന്നുന്നു അല്ലേ?

അതുകൊണ്ടല്ലേ നീ  വിട്ടുന്നത? നിനക്ക് എന്നെ ശരിക്കും പേടിയായി."

ആനയ്ക്ക് ദേഷ്യം വന്നു. അവൻ ശക്തമായി ഒന്നു ചീറ്റി. വണ്ട് കണ്ണെത്താ ദൂരത്ത് പറന്നു പോയി. ഒന്നും സംഭവിക്കാത്തതുപോലെ ആന അവിടുന്നു നടന്നു പോയി.

## 9. Malala yousafzai

Malala yousafzai was born on 12 July 1997 is a Pakistani activist for female educationand the youngest Noble prize laureate. She is known for human rights advocacy especially the education of women and children in her native swat valley in khyber pakhtunkhwa northwest pakistan where the local Taliban had at times banned girlsfrom attending school Heradocacy has grown into an international movement and according to former pakistani prime minister shahid khaqan abbasi she has become the most prominent citizen of the country.

# 10 . My Computer

A computer is a device that can be instructed to carry




out sequences of arithmetic or logical operations automatically via computer programming. Modern computers have the ability to follow generalized sets of operations, called programs. These

programs enable computers to perform an extremely wide range of tasks.

***---Thank you---***